സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 05/02/2020
Email-swdkerala@gmail.com
Phone-0471-2306040

## വിജ്ഞാപനം

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗമായ മറവി രോഗം ബാധിച്ച വയോജനങ്ങളേയും 80 വയസ്സ് കഴിഞ്ഞ നിരാലംബരായിട്ടുള്ള വയോജനങ്ങളേയും ആവശ്യമായ പരിരക്ഷയും ശുശ്രൂഷയും നൽകി പുനരധിവസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. അപ്രകാരം ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴയിൽ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സാമൂഹ്യനീതി വകുപ്പിന്റെ കെട്ടിടത്തിൽ ഡിമെൻഷ്യ രോഗികളെയും 80 വയസ്സ് കഴിഞ്ഞ വയോജനങ്ങളെയും താമസിപ്പിച്ച് ആവശ്യമായ സംരക്ഷണം നൽകി പരിചരിക്കുന്നതിനും വകുപ്പിന്റെ സഹകരണത്തോടെ ഓൾഡ് ഏജ് നഴ്സിംഗ് ഹോം നടത്തുന്നതിന് ഈ മേഖലയിൽ പ്രവർത്തിച്ച പരിചയമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കുന്നു. താൽപര്യമുള്ളവർക്ക് ഇതു സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in-ൽ നിന്നും ലഭ്യമാകുന്നതാണ്. പ്രൊപ്പോസലുകൾ ഫെബ്രുവരി 20-ന് മുൻപ് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

f/ സാമൂഹ്യനീതി ഡയറക്ടർ

SUBHASH KUMAR. K.V
Assistant Director
Directorate of Social Justice
Thiruvananthapuram-33

PDF processed with CutePDF evaluation edition www.CutePDF.com

## മറവി രോഗികൾ/ വൃദ്ധജനങ്ങൾക്കായുള്ള സ്ഥാപന പരിചരണ പദ്ധതി

I. ആലപ്പുഴ ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ക്ഷേമ സ്ഥാപനമായി പ്രവർത്തിക്കുന്നതിനായി പുതുതായി നിർമിച്ചിട്ടുള്ള കെട്ടിടത്തിൽ 2019-20 വർഷത്തിൽ മറവി രോഗികളുടെയും 80 വയസ്സ് കഴിഞ്ഞ വയോജനങ്ങളുടേയും പരിചരണത്തിനും ശുശ്രൂഷയും പരിരക്ഷയും നൽകുവാൻ താൽപര്യമുള്ള ബന്ധപ്പെട്ടവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

II. **അംഗീകാരം**

1. കേരള ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ NGO-യ്ക്ക് ഉണ്ടായിരിക്കണം.
2. NGOയ്ക്ക് ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. ഈ മേഖലയിൽ പ്രവർത്തന പരിചയം ഉള്ള NGOക്ക് മുൻഗണന നൽകുന്നതാണ്.

III. **പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ**

1. ആലപ്പുഴ ജില്ലയാണ് പദ്ധതി പ്രവർത്തന മേഖല
2. ആലപ്പുഴ ജില്ലയിൽ നിന്നുള്ള 80 വയസ് കഴിഞ്ഞിട്ടുള്ള നിരാലംബരായിട്ടുള്ളതും മറ്റാരാലും പരിരക്ഷ ലഭ്യമാകാനിടയില്ലാത്ത വയോജനങ്ങൾക്കും മറവി രോഗികളേയും താമസിപ്പിക്കുക.
3. സർക്കാർ ആശുപത്രികളിൽ ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെടുന്ന 80 വയസ്സ് കഴിഞ്ഞ വയോജനങ്ങളെ പാർപ്പിക്കുക.
4. മെയിന്റനൻസ് ട്രൈബ്യൂണൽ / ബഹു.കോടതി തീരുമാന പ്രകാരം വയോജനങ്ങളെ താല്ക്കാലികമായോ സ്ഥിരമായോ പാർപ്പിക്കുക.
5. പരമാവധി 25 വയോജനങ്ങൾക്ക് പ്രവേശനം നൽകി അവരുടെ ശാരീരിക-മാനസിക സംരക്ഷണവും, ഭക്ഷണവും വിശ്രമ സൗകര്യങ്ങളും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുക.

6. ടി സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന വയോജനങ്ങൾക്ക് പൂർണ്ണ സംരക്ഷണം ഉറപ്പാക്കുക
7. ജില്ലാ സാമൂഹ്യനീതി ഓഫീസറുടേയും വകുപ്പ് മേലധികാരി മൂലവും നിർദ്ദേശങ്ങൾ / ഉത്തരവുകൾക്ക് വിധേയമായി ടി സ്ഥാപനത്തിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കുന്നതാണ്.

**IV. ടി സ്ഥാപനം പ്രവർത്തിക്കുന്നതിന് സംഘടനയ്ക്ക് ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ / ചുമതലകൾ/ നിർവ്വഹണം**

1. ടി സ്ഥാപനത്തിൽ പ്രവേശിക്കപ്പെടുന്ന വയോജനങ്ങളുടെ മാനസിക, ശാരീരിക ആരോഗ്യ സംരക്ഷണവും എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.
2. സ്ഥാപനവും പരിസരവും ശുചിത്വത്തോടെ സൂക്ഷിക്കേണ്ടതാണ്.
3. ടി സ്ഥാപനത്തിലെ താമസക്കാരുടെ പരിപാലനത്തിനായി പ്രോജക്ട് അപേക്ഷയിൻ പ്രകാരം ആവശ്യമുള്ള ജീവനക്കാരെ NGOയ്ക്ക് നിയോഗിയ്ക്കാവുന്നതാണ്.
4. സ്ഥാപനത്തിലെ താമസക്കാരിൽ ഉണ്ടാകുന്ന രോഗങ്ങൾക്ക് യഥാസമയം ചികിത്സയും മരുന്നും ലഭ്യമാക്കേണ്ടതാണ്. ആഴ്ചയിൽ ഒരു ദിവസം അലോപ്പതി ഡോക്ടറുടെ സേവനം സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതാണ്.
5. രോഗികളായ വയോജനങ്ങളെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആവശ്യമായ ആമ്പുലൻസിന്റെ സേവനം നൽകേണ്ടതാണ്.
6. സ്ഥാപനത്തിൽ വയോജനങ്ങൾക്ക് Physiotherapist-ന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം ലഭ്യമാക്കേണ്ടതാണ്.
7. താമസക്കാർക്ക് മാനസിക ഉല്ലാസത്തിനായി ടി.വിയുടെയും ആവശ്യമായ വായനാ സഹായികളും ലഭ്യമാക്കേണ്ടതാണ്. താമസക്കാർക്ക് ആവശ്യത്തിന് ശുദ്ധജലം എല്ലാസമയവും ലഭ്യമാവുന്നതിന് സംവിധാനം ക്രമീകരിക്കണം.
8. താമസക്കാർ ഉപയോഗിച്ചു കഴിയുന്ന മുഷിഞ്ഞ വസ്ത്രങ്ങൾ യഥാസമയം അലക്കി നൽകുന്നതിനും കിടക്കകൾ വൃത്തിയാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.
9. കിടപ്പു മുറികൾ, ശൗചാലയങ്ങൾ, കുളിമുറി എന്നിവ വൃത്തിയായും അണുവിമുക്തമായും സൂക്ഷിക്കേണ്ടതാണ്.

10. താമസക്കാരുടെ കർമ്മശേഷി വർദ്ധിക്കുന്നതിന് ഉതകുന്ന നിർവഹണ ചുമതലകൾ നൽകാവുന്നതാണ്.

11. താമസക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ, ബന്ധുക്കളെ സംബന്ധിച്ചുള്ളവ, ഇവരെ പ്രവേശിപ്പിക്കുന്നതിനിടയായ സാഹചര്യം, മാർഗ്ഗം എന്നിവ രേഖപ്പെടുത്തുന്ന ചുവടെ പറയുന്ന രജിസ്റ്ററുകൾ സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

    1. താമസക്കാരുടെ പ്രവേശന രജിസ്റ്റർ.
    2. രോഗ വിവരണ രജിസ്റ്ററും കേസ് ഫയലും
    3. മരുന്നു വിതരണ രജിസ്റ്റർ.
    4. സന്ദർശന രജിസ്റ്റർ
    5. അന്യസംസ്ഥാന താമസക്കാർക്കായുള്ള രജിസ്റ്റർ
    6. ഭക്ഷണസാധനങ്ങൾ - സ്റ്റോക്ക് രജിസ്റ്റർ
    7. സ്പോൺസർഷിപ്പ് ഇനങ്ങളുടെ രജിസ്റ്റർ
    8. താമസക്കാരുടെ വിലപിടിപ്പുള്ള വസ്തുക്കൾ (ആഭരണം ഉൾപ്പെടെ) രേഖപ്പെടുത്തുന്ന രജിസ്റ്റർ.

12. സ്ഥാപനത്തിന്റെ പ്രവർത്തന റിപ്പോർട്ട്, പ്രതിമാസ പുരോഗതി റിപ്പോർട്ട് എന്നിവ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതാണ്.

13. ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്ന താമസക്കാർക്ക് കൂട്ടിരിപ്പിന് പ്രത്യേകം ജീവനക്കാരെ നിയോഗിക്കേണ്ടതാണ്.

14. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടറുമായി ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതാണ്.

15. സ്ഥാപനത്തിൽ താമസക്കാർക്കായുള്ള ഭക്ഷണക്രമം ദിവസവും പ്രദർശിപ്പിക്കേണ്ടതാണ്.

16. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

17. സാമൂഹ്യനീതി ഡയറക്ടർ / പ്രതിനിധിക്ക് ഏത് സമയത്തും സ്ഥാപനം സന്ദർശിക്കുന്നതിനും പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

**V. സാമൂഹ്യനീതി വകുപ്പിൽ നിന്നും സ്വീകരിക്കുന്ന നടപടികൾ.**

1. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടറുമായി ഒപ്പുവയ്ക്കുന്ന ധാരണാപത്രത്തിലെ വ്യവസ്ഥകൾ കർശനമായി

പാലിക്കപ്പെടുന്നുവെന്നും താമസക്കാരുടെ സംരക്ഷണം സംബന്ധിച്ചുള്ള നിർവ്വഹണ വും സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും വിലയിരുത്തുന്നതിന് ജില്ലാ തലത്തിൽ ഒരു സമിതിയ്ക്ക് രൂപം നൽകുന്നതാണ്.

2. ടി സ്ഥാപനത്തിന്റെ നടത്തിപ്പിനായി (Non-recorring) തുടങ്ങിയിട്ടുള്ള വിവിധ components-കൾക്കുള്ള ഫണ്ട് ആദ്യവർഷം വകുപ്പ് അനുവദിക്കുന്നതാണ്.

3. NGO നൽകുന്ന പ്രൊപ്പോസൽ നിലവിലെ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും തുടർ പരിശോധനയ്ക്കും വിധേയമായി പരിഗണിക്കുന്നതും സർക്കാർ ഉത്തരവിന് വിധേയമായി അംഗീകരിക്കുന്നതുമാണ്.

4. ടി സ്ഥാപനം പ്രവർത്തനത്തിന് / താമസക്കാരുടെ ഉപയോഗത്തിനുള്ള ഫർണിച്ചർ വകുപ്പ് ലഭ്യമാക്കുന്നതാണ്.

5. ടി സ്ഥാപനത്തിന്റെ നടത്തിപ്പ് 3 വർഷത്തേയ്ക്ക് - പ്രൊപ്പോസൽ അംഗീകരിക്കുന്ന മുറക്ക് അനുവദിക്കുന്നതാണ്.

6. ടി സ്ഥാപനത്തിനാവശ്യമായ Electricity charge, water charge എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

7. പ്രൊപ്പോസൽ പ്രകാരം NGO നിയോഗിക്കുന്ന ജീവനക്കാർക്കുള്ള വേതനം സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി വകുപ്പ് നിശ്ചയിക്കുന്നതായിരിക്കും.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

**MUKUNDAN. U.,**
**PEN 214172**
Assistant **Director**
Directorate of **Social Justice**
Vikas **Bhavan**
Thiruvananthapuram-33.

*db@G2-2269-Proposal*